(സി) 11-6-1998-ൽ ഈ അപ്പീലിൻമേൽ ഇതുവരെയും ഹിയറിംഗ് നടന്നിട്ടില്ല.

(ഡി) ഹൈക്കോടതിയുടെ അന്തിമ തീരുമാനം വന്നതിനു ശേഷമേ തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളു.

ഭൂതത്താൻകെട്ട് മിനി ജല വൈദ്യുത പദ്ധതി

179 [2672] ശ്രീ. വി. ജെ പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂതത്താൻകെട്ട് മിനി ജല വൈദ്യുത പദ്ധതിയുടെ നിർമ്മാണം ആരാണ് ഏറ്റെടുത്തിട്ടുള്ളത്;

(ബി) ഇതിന്റെ നിർമ്മാണം ഏത് ഘട്ടംവരെയായി എന്നു വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി മുടങ്ങിക്കിടക്കുകയാണെങ്കിൽ ഇതിനുള്ള കാരണങ്ങൾ വിശദമാക്കുമോ; എങ്കിൽ എന്നത്തേക്ക് നിർമ്മാണം പുനരാരംഭിക്കാൻ കഴിയും;

(ഡി) കരാറുകാരൻ വീഴ്ച വരുത്തിയതാണെങ്കിൽ ബോർഡിന് നേരിട്ട് നിർമ്മാണം ഏറ്റെടുക്കാൻ കഴിയുമോ;

(ഇ) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് നിർമ്മാണം പൂർത്തിയാവുമെന്ന് പ്രതീക്ഷിക്കുന്നു?

ഉത്തരം

(എ) M/s SILCAL മെറ്റലെർജിക് ലിമിറ്റഡ്, കോയമ്പത്തൂർ എന്ന കമ്പനി.

(ബി) പദ്ധതിയുടെ പവർഹൗസിന്റെ ഫൗണ്ടേഷൻ എസ്കവേഷൻ 25 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്.

(സി) പദ്ധതി നടപ്പിലാക്കാൻ ആവശ്യമായ 2.18 ഹെക്ടർ സ്ഥലം ജലസേചന വകുപ്പിൽ നിന്നും ലഭിക്കാത്തതിനെ തുടർന്നാണ് പദ്ധതി പ്രവർത്തനങ്ങൾ പ്രധാനമായും തടസ്സപ്പെട്ടത്. ഇത് ഇപ്പോൾ പരിഹരിക്കപ്പെട്ടിട്ടുണ്ട്. സ്ഥലം കൈമാറുന്നതിനുള്ള കരാർ 9-1-2004-ൽ ഒപ്പ് വച്ചു. പണികൾ പുനരാരംഭിക്കുന്നതിനും പദ്ധതി പ്രവർത്തനങ്ങൾക്ക് വേണ്ടി ധനസമാഹരണം നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

(ഡി) ബാധകമല്ല.

(ഇ) കൃത്യമായ തീയതി പണി ആരംഭിച്ചതിനുശേഷം മാത്രമേ പറയുവാൻ സാധിക്കുകയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly